(ഇ) 2003-2004-ലെ ജലവൈദ്യുതി-താപവൈദ്യുതി അനുപാതം 32 ശതമാനം : 68 ശതമാനം ആയിരുന്നു. 2004-2005 ജൂണിൽ ഈ അനുപാതം 41 ശതമാനം : 59 ശതമാനം ആണ്.

കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ ഗവേഷണങ്ങളും ചെലവും

*22 [295] ശ്രീ. കെ. സി. ജോസഫ്:
" ടി. വി. ചന്ദ്രമോഹൻ:
" പി. ജെ. ജോയി:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുമോ എന്നു വെളിപ്പെടുത്താമോ;

(സി) ഈ സ്ഥാപനം നടത്തിയിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യ രംഗത്തും രോഗികൾക്കും സ്ഥാപനത്തിനും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) ഈ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. നേരിട്ട് വൈദ്യശാസ്ത്ര ഗവേഷണം നടത്തുന്നില്ല. എന്നാൽ ഗവേഷണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നുണ്ട്.

(ബി) ഉൾപ്പെടും.

(സി) 1992-ൽ എസ്.എ.റ്റി. ആശുപത്രിയിലെ ശിശുക്ഷേമകേന്ദ്രം പ്രോജക്ടിന് സൊസൈറ്റി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ കാത്ത് ലാബ്, കാത്ത് ഐ.സി.യു, കൊറോണറി കെയർ യൂണിറ്റ്, തൊറാസിക് പ്രോഗ്രസ്സിവ് യൂണിറ്റ്, അഡ്വാൻസ്ഡ് ക്ലിനിക്കൽ ലബോറട്ടറി, ഗാസ്ട്രോ ലാബ്, ഇമേജോളജി സെന്റർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉപരിപഠനത്തിനും ഗവേഷണത്തിനും പൊതുവായി പ്രയോജനകരമാണ്.

(ഡി) ഈ സ്ഥാപനം നേരിട്ട് ഗവേഷണ പ്രവർത്തനം നടത്തിയിട്ടില്ല. ഗവേഷണത്തിന് അത്യാവശ്യമായ ചില അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly